"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - എൽ.എ.സി - എ.ഡി.എസ് - മലപ്പുറം ജില്ല — പെരിന്തൽമണ്ണ നിയോജകമണ്ഡലം എം.എൽ.എയുടെ ആസ്തിവികസന പദ്ധതി (2022 — 23) — ൽ നിന്നും ആനമങ്ങാട് ജി.എച്ച്.എസ്.എസ് - ന് വാഹനം വാങ്ങുന്നതിനായി തുക അനുവദിച്ച് കൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് റീ - വാലിഡേറ്റ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എം) വകുപ്പ്**

സ.ഉ.(സാധാ) നം.8026/2024/GEDN തീയതി,തിരുവനന്തപുരം, 12-11-2024

---

പരാമർശം:- 11.09.2023 - ലെ സ.ഉ (സാധാ) നം. 5014/2023/പൊ.വി.വ

**ഉത്തരവ്**

പെരിന്തൽമണ്ണ നിയോജകമണ്ഡലം എം.എൽ.എ - യുടെ ആസ്തിവികസന ഫണ്ടിൽ (2022 - 23) നിന്നും ആനമങ്ങാട് ജി.എച്ച്.എസ്.എസ് - ന് വാഹനം വാങ്ങുന്നതിനായി തുക അനുവദിച്ചുകൊണ്ടും ടി പ്രവർത്തി പൂർത്തീകരിക്കുന്നതിന് മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും പരാമർശം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷം ടി തുക ഉപയോഗിച്ച് പ്രവർത്തി പൂർത്തീകരിക്കാൻ സാധിച്ചില്ല.

(2) കഴിഞ്ഞ സാമ്പത്തിക വർഷം പ്രവർത്തി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ആനമങ്ങാട് ജി.എച്ച്.എസ്.എസ് - ന് വാഹനം വാങ്ങുന്നതിന് അനുവദിച്ച തുകയായ 18,17,000/- (പതിനെട്ട് ലക്ഷത്തി പതിനേഴായിരം രൂപ മാത്രം) രൂപ നടപ്പ് സാമ്പത്തിക വർഷത്തിൽ ' 4202-01-800-84- Project under LAC - ADS other Project - NP' എന്ന ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി അനുവദിച്ചുകൊണ്ടും പരാമർശം ഉത്തരവ് റീ - വാലിഡേറ്റ് ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ
ജോയിന്റ് സെക്രട്ടറി

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

2. ജില്ലാ കളക്ടർ, മലപ്പുറം

3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

4. ട്രെഷറി ഡയറക്ടർ, തിരുവനന്തപുരം.

5. വിദ്യാഭ്യാസ ഉപഡയറക്ടർ, മലപ്പുറം

6. ധനകാര്യ വകുപ്പ് (02.07.2024-ലെ അനൗദ്യോഗികക്കുറിപ്പ് നമ്പർ. E 2516922 - NC-C1/51/2023 - FIN പ്രകാരം)

7. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ,ഐ & പി.ആർ.ഡി

8. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )

9. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
J Vijayanath
Date: 12-11-2024 13:59:22
സെക്ഷൻ ഓഫീസർ